പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 2465 | 19.03.2015- ൽ മറുപടി<br>നല്കേണ്ടത്. |

## ഭക്ഷ്യ സുരക്ഷാനിയമം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി.കെ.ബഷീർ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം പൂർണ്ണ തോതിൽ നടപ്പിലാക്കിയിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കുമോ; | എ) | നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) | ഹോട്ടലുകൾ, പാകം ചെയ്ത ആഹാരം വിൽക്കുന്ന മറ്റ് സ്ഥാപനങ്ങൾ, ബേക്കറികൾ, മത്സ്യമാംസാദികൾ വില്ക്കുന്ന സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഭക്ഷ്യസുരക്ഷാവകുപ്പ് നടത്തിയ പരിശോധനയിൽ മോശമായി പ്രവർത്തിച്ച എത്രസ്ഥാപനങ്ങൾക്കെതിരെ 2015 ജനുവരി 31 വരെ കേസെടുത്തു. എത്രരൂപ പിഴയായി ഈടാക്കി, പ്രസ്തുതസ്ഥാപനങ്ങൾ ഏതെല്ലാമാണ്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | ബി) | ഭക്ഷ്യസുരക്ഷാവകുപ്പ് 2015 ജനുവരി 31 വരെ 1201 സ്ഥാപനങ്ങൾക്കെതിരെ കേസ്സെടുത്തിട്ടുണ്ട്. 87,24,960 രൂപ പിഴ ഈടാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| സി) | ഭക്ഷ്യസുരക്ഷാ നിയമ പ്രകാരമുള്ള പരിശോധനകൾ ഊർജ്ജിതപ്പെടുത്താൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ; | സി) | സംസ്ഥാനതലത്തിൽ മേഖലാടിസ്ഥാനത്തിൽ 3 മൊബൈൽ വിജിലൻസ് സ്ക്വാഡും, ജില്ലാതലത്തിൽ 14 ജില്ലാതല ഓഫീസുകളും 60 ഭക്ഷ്യസുരക്ഷാ ഓഫീസുകളുമാണ് നിലവിലുണ്ടായിരുന്നത്. സംസ്ഥാനതലത്തിൽ ഭക്ഷ്യസുരക്ഷാ ഓഫീസുകളുടെ കുറവ് കണക്കിലെടുത്ത് ഈ സർക്കാർ അധികാരത്തിലെത്തിയശേഷം 57 ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുള്ളതും ആയത് സംബന്ധിച്ച് നിയമസഭ കമ്മിറ്റി നടത്തിയ ശുപാർശയുടെ കൂടെ അടിസ്ഥാനത്തിൽ എല്ലാ നിയമസഭ നിയോജകമണ്ഡലത്തിലും ഒരു ഭക്ഷ്യസുരക്ഷാ ഓഫീസ് എന്ന നിലയിൽ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ടി ഓഫീസുകളിലും ടോൾഫ്രീ നമ്പറിലും ലഭിക്കുന്ന പരാതികൾകൂടി കണക്കിലെടുത്ത് പരിശോധന നടത്തി നിയമനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്